Draft #1 of File 67780/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 09-Apr-2021 02:50 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തുന്ന എം.എഡ് പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് ബോണസ് മാർക്കുകൾ കണക്കാക്കുന്ന രീതി സംബന്ധിച്ച് വകുപ്പ് മേധാവി സമർപ്പിച്ചിട്ടുള്ള ശിപാർശ പ്രകാരം ബോണസ് മാർക്ക് കണക്കാക്കുന്ന രീതി പ്രോസ്‌പെക്ടസിൽ ചേർക്കുന്നതിനും മുൻ വർഷത്തെപ്പോലെ പഠന വകുപ്പിൽ തന്നെ ബോണസ് മാർക്കുകൾ ചേർത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാനും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 1994/AC B 7/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 13.04.2021

---

*പരാമർശം:-* നം.279/എസ്.പി.എസ്/2021 തീയതി 24.03.2021 ആയി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് വകുപ്പ് മേധാവി രജിസ്ട്രാർക്ക് നൽകിയിട്ടുള്ള കത്ത്.

**<u>ഉത്തരവ്</u>**

മേൽ പരാമർശം പ്രകാരം എം.എഡ് പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിനായി 80 മാർക്കിൻറെ ഒബ്ജക്റ്റീവ് പരീക്ഷയ്ക്ക് പുറമെ ബിരുദാന്തര ബിരുദത്തിനും അദ്ധ്യാപന പരിചയത്തിനും താഴെ പറയും വിധം ബോണസ് മാർക്കുകൾ ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ തന്നെ നൽകുന്ന രീതിയിൽ മാറ്റം വരുത്തുവാൻ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് വകുപ്പ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നു.

1) Bonus marks will be awarded to candidates with Post Graduate degree with same optional (B.Ed. Degree and P.G. Degree should be in the same optional subject). Masters/Post Graduate Degree weightage will be calculated as below.

60% and above - 5 marks
50% to below 60% - 3 marks
Pass to below 50%- 2 marks

2) The weightage to teaching experience will be calculated as below:

The minimum period for considering the weightage to teaching experience is a continuous service of 6 months. For each month of teaching experience approved by DEO/DCE, 0.1 marks will be given up to a maximum of 5 marks. The weightage will be given to those who are having 5 years or more for retirement.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഇൻഡക്സ് മാർക്ക് കണക്കാക്കി നൽകുമ്പോൾ തന്നെ മേൽ പറയുന്ന രീതിയിൽ ബോണസ് മാർക്കുകൾ നൽകുവാൻ വകുപ്പ് മേധാവി നൽകിയിട്ടുള്ള ശിപാർശ പരിശോധിച്ചതിൽ നിന്നും അവസാന വർഷ സെമസ്റ്റർ വിദ്യാർത്ഥികൾക്കും എം.എഡ് പ്രോഗ്രാമിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുന്നതിനാൽ ഇവർക്ക് അപേക്ഷാ സമയത്ത് ബോണസ് മാർക്കുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ സാധിക്കാത്തതിനാനാലും അദ്ധ്യാപന പരിചയവുമായി ബന്ധപ്പെട്ട് നിർദേശിക്കുന്ന രീതിയിൽ ബോണസ് മാർക്കുകൾ കണക്കാക്കുന്നതിനായി വെബ്സൈറ്റ് ക്രമീകരിക്കുവാൻ പ്രായോഗിക ബുന്ധിമുട്ട് ഉള്ളതിനാലും പഠന വകുപ്പിൽ നിന്ന് നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ ബോണസ് മാർക്കുകൾ പ്രോസ്പെക്ടസിൽ ചേർക്കുന്നതിനും മുൻ വർഷം ചെയ്ത രീതിയിൽ പഠന വകുപ്പിൽ തന്നെ പ്രസ്തുത ബോണസ് മാർക്ക് ചേർത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) ഡയറക്ടർ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ്
(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(3) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്
(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
(5 ) എ.ആർ 4 (അക്കാദമിക് )
(6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

Draft #1 of File 67780/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 09-Apr-2021 02:50 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം